**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2022 -23 യു.ജി പ്രൈവറ്റ് രജിസ്ട്രേഷൻ വിജ്ഞാപനത്തിൽ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വിജ്ഞാപനം പുറപ്പെടുവിച്ച ഇംഗ്ലീഷ്, മലയാളം, ഹിന്ദി, അറബിക്,സംസ്കൃതം എന്നീ യു.ജി പ്രോഗ്രാമുകളുടെ റെഗുലറിൽ നിന്നും പ്രൈവറ്റിലേക്കുള്ള സ്കീം മാറ്റം ഉൾപ്പെടുത്തി 27/10/2022 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ :10882/AC A3/2022/MGU ൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 253/AC A 3/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 09.01.2023

---

*പരാമർശം:*-1. 26/08/2022 തീയതിയിലെ GO (Rt) No. 1303/2022/HEDN

2. WP(C) No.28024 OF 2022 (C) ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 29/09/2022 തീയതിയിലെ ഉത്തരവ്

3. 27/10/2022 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ :10882/AC A3/2022/എം.ജി.യു

4. ശ്രീ. സന്ദീപ് എസ് (PRN :190021007718) എന്ന വിദ്യാർത്ഥിയുടെ 01/12/2022 തീയതിയിലെ അപേക്ഷ

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി യു.ജി.സി അംഗീകാരത്തിനായി സമർപ്പിച്ച 12 യു.ജി പ്രോഗ്രാമുകളും, 5 പി .ജി പ്രോഗ്രാമുകളും ഒഴികെയുള്ള പ്രോഗ്രാമുകൾ നടത്തുവാൻ മറ്റു സർവ്വകലാശാലകൾക്ക് അനുവാദം നൽകികൊണ്ട് ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരമുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള 5 യു.ജി പ്രോഗ്രാമുകകളായ ബി. എ ഇംഗ്ലീഷ്, മലയാളം, ഹിന്ദി, അറബിക്, സംസ്കൃതം എന്നീ പ്രോഗ്രാമുകൾ ഒഴികെയുള്ള പ്രോഗ്രാമുകൾ 2022-23 അദ്ധ്യയന വർഷത്തെ യു.ജി പ്രൈവറ്റ് രജിസ്ട്രേഷൻ വിജ്ഞാപനത്തിൽ ഉൾപ്പെടുത്താവാൻ പരാമർശം (3) പ്രകാരം ഉത്തരവായി. ടി വിജ്ഞാപന പ്രകാരം ടി അഞ്ച് വിഷയങ്ങളുടെ ഫുൾ കോഴ്സ്/ നോൺ ഫുൾ കോഴ്സ് എന്നിവക്ക് അപേക്ഷിക്കുവാൻ സാധിക്കില്ല.

എന്നാൽ ശ്രീ. സന്ദീപ് എസ് എന്ന വിദ്യാർത്ഥി 2019 ൽ റെഗുലർ സ്കീമിൽ ബി. എ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചറിന് അഡ്മിഷൻ നേടിയ വിദ്യാർത്ഥിയാണെന്നും നാലാം സെമസ്റ്റർ വരെയുള്ള എക്സാമുകൾ റെഗുലർ സ്കീമിൽ എഴുതി വിജയിച്ചു എന്നും തുടർന്നുള്ളവ പ്രൈവറ്റ് സ്കീമിൽ എഴുതാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

2022 - 23 അദ്ധ്യയന വർഷത്തെ പ്രൈവറ്റ് രജിസ്ട്രേഷൻ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത

Draft #2 of File 182891/PR 2-2/2022/PR 2 Approved by ASSISTANT REGISTRAR III (ACADEMIC) on 09-Jan-2023 12:41 PM - Page 1

പ്രോഗ്രാമിലേക്ക് ടി വിദ്യാർത്ഥിക്ക് സ്കീം മാറ്റം അനുവദിക്കുവാൻ സാധിക്കുന്നതല്ല. എന്നാൽ നിലവിൽ CBCS 2017 റഗുലേഷൻ പ്രകാരം റഗുലർ സ്കീമിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ജോലി കിട്ടുന്ന അവസരത്തിൽ അല്ലെങ്കിൽ മറ്റു കാരണങ്ങൾ കൊണ്ട് റഗുലറായി തുടർപഠനം നടത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ പ്രൈവറ്റ് സ്കീമിലേക്ക് മാറുവാനുള്ള അവസരം നൽകാതിരുന്നാൽ അവരുടെ തുടർ പഠനം തടസപ്പെടുന്നതാണ്. നിലവിൽ ഇംഗ്ലീഷ്, മലയാളം, ഹിന്ദി, അറബിക്, സംസ്കൃതം എന്നീ ബിരുദ പ്രോഗ്രാമുകൾക്ക് 2022 -23 അധ്യയന വർഷത്തിൽ 3,4,5,6 സെമസ്റ്ററുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ ബാച്ച് നിലവിലുമുണ്ട്. ടി സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വിജ്ഞാപനം പുറപ്പെടുവിച്ച ഇംഗ്ലീഷ്, മലയാളം, ഹിന്ദി, അറബിക്, സംസ്കൃതം എന്നീ ബിരുദ യു.ജി പ്രോഗ്രാമുകൾക്ക് 2022 -23 അധ്യയന വർഷത്തിൽ - 3,4,5,6 സെമസ്റ്ററുകളിൽ റഗുലറിൽ നിന്നും പ്രൈവറ്റ് സ്കീമിലേക്ക് മാറ്റം അനുവാദിച്ചു കൊണ്ടു വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലർ 29/12/2022 നു ഉത്തരവായിരിക്കുന്നു.

പരാമർശം (3) പ്രകാരമുള്ള സർവ്വകലാശാല ഉത്തരവ് ഇതിനാൽ ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ/പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/പരീക്ഷാ കൺട്രോളറുടെ പി.എ മാർ
3. പ്രൊഫസർ ഇൻ- ചാർജ് ഓഫ് പ്രൈവറ്റ് രജിസ്ട്രേഷൻ
4. എസ് എസ് I /എസ് എസ് II സെക്ഷനുകൾ
5. ഇ ഇ I / II / III സെക്ഷനുകൾ/ ഇ ജി I / II / III / IV / V സെക്ഷനുകൾ / ഇ എഫ് I സെക്ഷൻ
6. പി ആർ I / II / III / IV / VI/ എസി എ 9 സെക്ഷനുകൾ
7. എ.ആർ II, III (അക്കാദമിക്) / ഡി.ആർ II (അക്കാദമിക്) / ജെ ആർ II (ഭരണം)
8. എ.ആർ IV / എ.ആർ X / ഡി.ആർ III / ജെ.ആർ III (പരീക്ഷാ വിഭാഗം)
9. എ.ആർ (പ്രൈവറ്റ് രജിസ്ട്രേഷൻ)
10. കണ്ടെന്റ് മാനേജ്മന്റ് വിഭാഗം / റെക്കോർഡ് സെക്ഷൻ
11. ഐ ക്യൂ എ സി / സിസ്റ്റം മാനേജർ / IT സെൽ /ക്യാപ് സെൽ
12. കരുതൽ ഫയൽ / ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 182891/PR 2-2/2022/PR 2 Approved by ASSISTANT REGISTRAR III (ACADEMIC) on 09-Jan-2023 12:41 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 182891/PR 2-2/2022/PR 2 Approved by ASSISTANT REGISTRAR III (ACADEMIC) on 09-Jan-2023 12:41 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം